# നീര ഉൽപാദനം: ആദ്യഘട്ടം പരീക്ഷണാടിസ്ഥാനത്തിൽ മാത്രം

■ **എ.സി നൗഫൽ**
കോഴിക്കോട്

സംസ്ഥാനത്ത് നീരയുൽപാദിപ്പിക്കാൻ അനുമതി ലഭിച്ചതോടെ കേരകർഷകരിൽ പ്രതീക്ഷയേറുന്നു. നീരയുടെയും മൂല്യവർധിത വിഭവങ്ങളുടെയും ഉൽപാദനത്തിനാണ് മന്ത്രിസഭായോഗം അനുമതി നൽകിയത്. ആദ്യ ഘട്ടത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ ഓരോ ജില്ലയിലും 1500 തെങ്ങുകൾ വീതം നീരയുൽപാദനത്തിന് തെരഞ്ഞെടുക്കാനാണ് സർക്കാർ പദ്ധതി തയാറാക്കിയത്. നീരയുൽപാദനം വിപണനം എന്നിവക്കായി അബ്കാരി ചട്ടങ്ങളിൽ ഭേദഗതി വരുത്താനാണ് എക്സൈസ് വകുപ്പ് ആലോചിക്കുന്നത്. കള്ളുഷാപ്പുകളിൽ നീരയുൽപാദിപ്പിക്കാൻ അനുവദിക്കുകയില്ലെന്ന് മന്ത്രി കെ. ബാബു അറിയിച്ചിരുന്നു.

കേരകർഷകരുടെ കൂട്ടായ്മയിൽ രൂപീകൃതമായ ഉത്പാദക കമ്പനികൾക്കായിരിക്കും ഇതിൽ മുൻഗണന ലഭിക്കുക. 15–25 വരെ സൊസൈറ്റികൾ ചേർന്നുണ്ടാകുന്നതാണ് ഫെഡറേഷനുകൾ. 10 ഫെഡറേഷനുകൾ ചേർന്നാണ് ഉൽപാദക കമ്പനികൾ ഉണ്ടാകുന്നത്. സംസ്ഥാനത്ത് ഇതിനകം ഏഴ് ഉൽപാദക കമ്പനികൾ രൂപീകൃതമായിട്ടുണ്ട്. കമ്പനികളില്ലാത്ത ജില്ലകളിൽ മികച്ച നാളികേര ഫെഡറേഷനുകൾക്കായിരിക്കും നീരയുടെ ചുമതല.

അതേസമയം കള്ളുഷാപ്പുകൾ ലേലത്തിനു പോകാത്ത പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ 1500 തെങ്ങുകൾ വീതമുള്ള രണ്ടു യൂനിറ്റുകൾക്ക് അനുമതി നൽകാനാണ് അധികൃതർ ആലോചിക്കുന്നത്. ഇത്തരത്തിൽ സംസ്ഥാനത്ത് 25,000 തെങ്ങുകളിൽ നിന്നാവും ആദ്യഘട്ടത്തിൽ നീരയുൽപാദിപ്പിക്കുക. മികച്ച ഉൽപാദന ക്ഷമതയുള്ള തെങ്ങുകളിൽ നിന്നു മാത്രമാണ് നീരയൂറ്റുക. തെങ്ങുകളുടെ തെരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങളും കമ്പനികളുടെ ചുമതലയാണ്.

തെങ്ങിൽ നിന്ന് നീര ശേഖരിക്കുന്ന നീര ടെക്നീഷ്യൻമാർക്ക് നാളികേര വികസന ബോർഡ് പരിശീലനം നൽകും. ഒരാൾ ദിവസം 15 തെങ്ങുകളിൽ നിന്നാണ് നീര ശേഖരിക്കുക. ഇതോടെ ഓരോ ജില്ലയിലും 100 ൽ അധികം ടെക്നീഷ്യന്മാരെ ആവശ്യമായി വരും. സംസ്ഥാനത്ത് പരമാവധി ഇത്തരം 2000 നീര ടെക്നീഷ്യന്മാർക്ക് പരിശീലനം നൽകും. ഇവരെ ചെത്ത് തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാക്കും. സംഘടിത തൊഴിലാളികളുടെ എല്ലാ ആനുകൂല്യവും ലഭിക്കുന്ന നീര ടെക്നീഷ്യൻ ഗ്രീൻകോളർ ജോബ് ആയാണ് നാളികേര വികസന ബോർഡ് കണക്കാക്കുന്നത്. ഓണം കഴിഞ്ഞ ഉടൻ ഇവർക്കുള്ള പരിശീലനം ആരംഭിക്കും. ചെത്തു തൊഴിലാളികൾക്ക് പരിശീലനത്തിൽ മുൻഗണന ലഭിക്കും.

രണ്ടാം ഘട്ടത്തിൽ കൂടുതൽ തെങ്ങുകളിൽ നിന്ന് നീര ഉൽപാദിപ്പിക്കാൻ സർക്കാർ അനുമതി നൽകിയേക്കാം. 18 കോടി തെങ്ങുകളുള്ള കേരളത്തിൽ ഒരു ശതമാനം തെങ്ങുകളിൽ നിന്നെങ്കിലും നീര ഉൽപാദനം തുടങ്ങിയാൽ 18 ലക്ഷം തെങ്ങുകൾ വേണ്ടിവരും. ഇതോടെ 1.2 ലക്ഷം പരിശീലനം ലഭിച്ച ടെക്നീഷ്യൻമാരെ ഈ രംഗത്ത് വേണ്ടിവരും. നീര ഉൽപാദനം തുടങ്ങുന്നതോടെ തങ്ങൾക്ക് തൊഴിൽ നഷ്ടമാകുമെന്ന ചില ചെത്തു തൊഴിലാളികളുടെ ആശങ്ക ഇതോടെ അസ്ഥാനത്താവും. 30,000 ത്തോളം കള്ള് ചെത്ത് തൊഴിലാളികളാണ് സംസ്ഥാനത്തുള്ളത്. ഉൽപാദനത്തിന് അനുസരിച്ച് കർഷകനും നീര ടെക്നീഷ്യനും ഒരുപോലെ മെച്ചമുണ്ടാകുന്ന തരത്തിലാണ് പദ്ധതി നടപ്പാക്കുക. പോഷക സമൃദ്ധമായ നീര ഉന്നത ഗുണനിലവാരത്തിൽ ശേഖരിച്ച് വിപണനം ചെയ്യാനാണ് പദ്ധതി. നീര സംസ്കരണത്തിനുള്ള സാങ്കേതിക വിദ്യ കാർഷിക സർവകലാശാലയുൾപ്പെടെ വിവിധ ഏജൻസികളിലും മറ്റു സംസ്ഥാനങ്ങളിലും ലഭ്യമാണ്.

വിപണിയിലെ മറ്റു പാനീയങ്ങളേക്കാൾ ഏറെ മികച്ച നീര 200 മില്ലി ബോട്ടിൽ 20 രൂപക്ക് വിൽക്കാനാവുമെന്നാണ് കണക്കാക്കുന്നത്. നീര കൂടാതെ പാംശർക്കര, നാളികേര ജെല്ലി, കേരപഞ്ചസാര എന്നിവയുടെ ഉൽപാദനത്തിനും ഇതോടെ തുടക്കം കുറിക്കും. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ തെങ്ങുള്ളത് കോഴിക്കോട് ജില്ലയിലാണെങ്കിലും നാളികേര ഉൽപാദനത്തിൽ മുന്നിൽ മലപ്പുറമാണ്.